പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് നീര ഉൽപ്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുണ്ട്. ആകെ 173 ഫെഡറേഷന് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) നീരയുടെ ഉൽപ്പാദനവും വിതരണവും നിയമ വിധേയമാക്കുന്നതിന്റെ ഭാഗമായി നീര റൂൾസ് 2014 പ്രാബല്യത്തിൽ വരുകയുണ്ടായി. ടി റൂൾസ് പ്രകാരമാണ് സംസ്ഥാനത്ത് നീര ഉൽപ്പാദനത്തിനും വിതരണത്തിനും അനുമതി നൽകിയിട്ടുള്ളത്.

(സി) നീര ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കുന്നതിന്റെയും നിയന്ത്രിക്കുന്നതിന്റെയും ഭാഗമായി ആണ് നീര റൂൾസ് 2014 പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13-5-2014-ലെ ജി.ഒ.(എംഎസ്.) 66/2014/നി.വ. പ്രകാരം നാളീകേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങു കൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുമുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളീകേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വരുമാനം

86 (91) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ, ഓരോ വർഷവും ബിവറേജസ് കോർപ്പറേഷൻ വഴി ആകെ എന്ത് തുകയുടെ വീതം മദ്യങ്ങൾ വില്പന നടത്തിയിട്ടുണ്ട് ; ഓരോ വർഷവും വില്പന നടത്തിയ ബിയർ/വൈൻ തുടങ്ങിയവയുടെ ആകെ തുക എത്ര ;

(ബി) മേല്പറഞ്ഞ കാലയളവിൽ മദ്യം/ബിയർ/വൈൻ തുടങ്ങിയ ഇനങ്ങളുടെ വില്പനയിലൂടെയും ലൈസൻസുകൾ നൽകിയതിലൂടെയും മൊത്തം എത്ര കോടി രൂപ വീതം സർക്കാർ ഖജനാവിൽ ലഭിക്കുകയുണ്ടായി ; വിശദാംശങ്ങൾ ലഭ്യമാക്കാമോ:

(സി) ബിവറേജസ് കോർപ്പറേഷന് ഓരോ വർഷവും ലഭിച്ച വരുമാനം എത്ര കോടി വീതമായിരുന്നു ;

(ഡി) എക്സൈസ് വകുപ്പിൽ വിവിധ ഇനങ്ങളിൽ ഇതേവരെ ലഭിക്കുവാനുള്ള ആകെ കുടിശ്ശിക എത്ര കോടി രൂപയുടേതാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓരോ വർഷവും വിൽപ്പന നടത്തിയ മദ്യം. ബിയർ/വൈൻ ഇടങ്ങിയവയുടെ ആകെ തുക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ബിവറേജസ് കോർപ്പറേഷന് ഓരോ വർഷവും ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു :

വർഷം	രൂപ (കോടിയിൽ)
2011-12	7861.74
2012-13	8818.18
2013-14	9350.27
2014-15	8258.20

(ജനുവരി 2015 വരെ)

(ഡി) എക്സൈസ് വകുപ്പിൽ വിവിധ ഇനങ്ങളിൽ ലഭിക്കുവാനുള്ള ആകെ കുടിശ്ശിക 235 കോടി രൂപയാണ്.

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന

87 (92) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഇതേവരെ വാങ്ങിയ മദ്യം, ബിയർ, വൈൻ എന്നിവയുടെ മൊത്തം അളവുകൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും ഇതിനായി ചെലവാക്കിയ മൊത്തം തുക എത്രയെന്നു ഇനം തിരിച്ച് വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഏതെല്ലാം ഇനത്തിൽ എത്ര തുകവീതം ഖജനാവിന് മുതൽക്കൂട്ടായിട്ടുണ്ട് എന്ന് വർഷവും ഇനവും തിരിച്ച് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.